"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യസുരക്ഷാമിഷന്റെ കോഴിക്കോട് ജില്ലയിലെ റീജിയൺ ഓഫീസിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.സൗമ്യ പി.സി. യുടെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.107/2026/SJD തീയതി,തിരുവനന്തപുരം, 08-05-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം.580/2013/ധന തീയതി 28/11/2013.
2. സ.ഉ(സാധാ)നം.100/2022/സാ.നീ.വ തീയതി 10/05/2022.
3. സ.ഉ(സാധാ)നം.123/2023/സാ.നീ.വ തീയതി 02/06/2023.
4. സ.ഉ (സാധാ)നം.116/2024/സാ.നീ.വ തീയതി 07/06/2024.
5. സ.ഉ(സാധാ)നം.127/2025/സാ.നീ.വ തീയതി 30/05/2025.
6. കേരള സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05/03/2026, 11/03/2026 എന്നീ തീയതികളിലെ KSSM/234/2022-A1 നമ്പർ കത്തുകൾ.
7. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18/02/2026 ലെ DHS/2641/2024-EB5 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ.സൗമ്യ പി.സിയെ പരാമർശം (2) ഉത്തരവുപ്രകാരം കേരള സാമൂഹ്യ സുരക്ഷാമിഷന്റെ കോഴിക്കോട് റീജിയണൽ ഓഫീസിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിക്കുകയും പരാമർശം (3),(4),(5) ഉത്തരവുകൾ പ്രകാരം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

2) ഡോ.സൗമ്യ പി.സിയുടെ പരാമർശം (5) പ്രകാരമുള്ള അന്യത്രസേവന കാലാവധി 31.05.2026 ന് അവസാനിക്കുന്നതിനാൽ ഒരു വർഷത്തേക്കുകൂടി അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനായി ടി ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, കേരള സാമൂഹ്യ സുരക്ഷാമിഷൻ റിജിയണൽ ഡയറക്ടർ എന്ന നിലയിൽ ഡോ.സൗമ്യ പി.സി. ഏൽപ്പിക്കപ്പെട്ട എല്ലാ ചുമതലകളും കൃത്യതയോടെയും വളരെ കാര്യക്ഷമമായും നിർവഹിച്ചു വരുന്നുണ്ടെന്നും ടിയാളുടെ സേവനം മിഷന് ഒരു മുതൽക്കൂട്ടാണെന്നും അതിനാൽ കേരള

സാമൂഹ്യസുരക്ഷാ മിഷന്റെ സുഗമമായ പ്രവർത്തനത്തിനായി ഡോ.സൗമ്യ പി.സി. യുടെ അന്യത്രസേവനകാലാവധി 01.06.2026 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകുന്നതിനായി കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (6) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ടിയാൾക്ക് റീജിയണൽ ഡയറക്ടർ തസ്തികയിൽ അന്യത്രസേവനത്തിൽ തുടരുന്നതിന് മാതൃവകുപ്പായ ആരോഗ്യവകുപ്പിൽനിന്ന് പരാമർശം (7) പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രവും അനുവദിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റും നിലവിൽ കേരള സാമൂഹ്യസുരക്ഷാ മിഷന്റെ കോഴിക്കോട് റീജിയണൽ ഓഫീസിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നയാളുമായ ഡോ.സൗമ്യ പി.സിയുടെ അന്യത്രസേവന കാലാവധി നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായും സൂചന (1) ഉത്തരവിൽ ഇളവ് അനുവദിച്ചുകൊണ്ടും 01.06.2026 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലത എച്ച് എസ്
അണ്ടർ സെക്രട്ടറി

1. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യസുരക്ഷാമിഷൻ, പൂജപ്പുര, തിരുവനന്തപുരം.
2. ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
3. ഡോ.സൗമ്യ പി.സി റീജിയണൽ ഡയറക്ടർ, കോഴിക്കോട്.
   (കേരള സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം.
   (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Shabeen S
സെക്ഷൻ ഓഫീസർ
Date: 11-05-2026 11:42:36